# ‘കണ്ണുനീരോടെ അപേക്ഷിക്കുക’

## എബ്രായർ 5:7

“ക്രിസ്തു തന്റെ ഐഹിക ജീവകാലത്തു തന്നെ മരണത്തിൽ നിന്നു രക്ഷിപ്പാൻ കഴിയുന്നവനോടു ഉറച്ച നിലവിളിയോടും കണ്ണുനീരോടും കൂടെ അപേക്ഷയും അഭയ യാചനയും കഴിക്കുകയും, ഭയഭക്തി നിമിത്തം ഉത്തരം ലഭിക്കുകയും ചെയ്തു.”

എത്ര മഹത്തായ ദൃഷ്ടാന്തം ആകുന്നു മനുഷ്യപുത്രനായി യേശു, ഈ ലോകത്തിൽ ജീവിച്ചപ്പോൾ നമുക്ക് നൽകി തന്നത്. ദൈവപുത്രനായിരിക്കെതന്നെ, ഭയഭക്തിയോടുകൂടെ ദൈവസന്നിധിയിൽ കടന്നുചെന്നു സമർപ്പിക്കുന്ന കർതൃഹൃദയത്തെ എത്ര ആഴത്തിൽ ഈ വാക്യം വെളിപ്പെടുത്തുന്നു.

ഇന്ന് പ്രാർത്ഥനയുടെ അനുഭവം നോക്കിയാൽ ദൈവമക്കളിൽ അത് ക്രമമായും മുടക്കമില്ലാതെയും നടക്കുന്നുണ്ട്. എന്നാൽ ഉറച്ച നിലവിളിയും, കണ്ണുനീരും എത്രത്തോളം പകരുവാൻ കഴിയുന്നുണ്ട് എന്നതാണ് വാസ്തവം. സ്വന്തം ജീവിതാനുഭവങ്ങളുടെമേൽ അതിനു കഴിഞ്ഞെന്നു വരാം. എന്നാൽ തന്റെ സമശിഷ്ടങ്ങൾക്കു വേണ്ടി എത്രകണ്ട് ജയം ഏറ്റെടുക്കാൻ കഴിഞ്ഞു എന്ന് ശോധന ചെയ്യാം.

‘ഉറച്ച നിലവിളി’ ഒരു ആവശ്യ ഹൃദയത്തിന്റെ ആഴത്തിലുള്ള സമർപ്പണം ആണ് നാം കാണുന്നത്. അങ്ങനെ ആഴമായ ഒരു ഹൃദയഭാരത്തിനു മാത്രമേ “കണ്ണുനീർ” തൂകുവാൻ സാധിക്കുകയുള്ളു. നമ്മുടെ തന്നെ ജീവിതങ്ങളിൽ ഒന്നു തിരിഞ്ഞു നോക്കിയാൽ മതിയല്ലോ. അസാദ്ധ്യവും, അതിഭയങ്കരവും ആയ ആവശ്യഭാരങ്ങളുടെ മധ്യത്തിൽ ഉയരുന്ന നിലവിളി ഒരുപക്ഷെ നിസാരമായതിന് വന്നിട്ടുണ്ടാകില്ല. കർത്താവ് പ്രാർത്ഥിച്ചതോ, തന്നെ മരണത്തിൽ നിന്ന് രക്ഷിപ്പാൻ കഴിയുന്നവനോട് ആയിരുന്നു. ഒരു യഥാർത്ഥമായ പ്രാർത്ഥനയുടെ മുഴുവൻ ഉള്ളടക്കത്തെയും ഈ വാക്യത്തിലൂടെ നമുക്ക് വചനം തരുന്നു.

ദൈവസന്നിധിയിൽ തീർച്ചയായും ഉറച്ച നിലവിളിയും, കണ്ണുനീരും വാർത്ത് പ്രാർത്ഥി ക്കേണ്ടതായ കാലം അതിക്രമിച്ചിരിക്കുന്നു. ഒരു ദിവസം മുഴുവൻ മുട്ടു മടക്കിയാലും തീരാത്ത വിഷയങ്ങൾ നമുക്ക് ചുറ്റുമുണ്ട്. സങ്കീ. 145:19 ൽ കാണുന്നു തന്റെ ഭക്തന്മാരുടെ ആഗ്രഹം അവൻ സാധിപ്പിക്കും. അവരുടെ നിലവിളി കേട്ട് അവരെ രക്ഷിക്കും. ഇന്ന് നമ്മുടെ ആഗ്രഹം എന്താകുന്നു എന്ന് ശോധന ചെയ്യാം. ജീവിതത്തിന്റെ നിസ്സാര പ്രശ്നങ്ങൾക്കു മാത്രമുള്ള ഒരു യാചന ആണോ മറിച്ച് നമ്മുടെ നിലവിളി ഇന്ന് നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന ഒരു ജനസമൂഹത്തിനുകൂടെ പങ്കുവെയ്ക്കുന്ന അനുഭവം

ആണോ. കർത്താവായ യേശു ഇന്നും പിതാവിന്റെ വലതുഭാഗത്തിരുന്ന് ഓരോ ആത്മാക്കളുടെയും, ദേഹ ദേഹി ആത്മാവിനു വേണ്ടി അഭയയാചന കഴിച്ചു കൊണ്ടിരിക്കുന്നു. കർത്താവിന്റെ മഹൽ സ്നേഹത്തെ ദർശിച്ചുകൊണ്ട് അവനോട് ചേർന്ന് അല്പമെങ്കിലും ഈ ദൗത്യം ഏറ്റെടുക്കാൻ നമുക്ക് ഏല്പിച്ചു കൊടുക്കാം. വചനത്തിൽ കണ്ടതു പോലെ 'മരണത്തിൽ നിന്നുള്ള രക്ഷ' അതാണ് ഏറ്റവും വലിയ പ്രാർത്ഥനക്കുള്ള ഉത്തരം. നിത്യമായ മരണത്തിൽ നിന്നും, നരകത്തിൽ നിന്നും നമ്മെ രക്ഷിക്കാൻ യേശുവിനു മാത്രമെ കഴിയുകയുള്ളു. അവനോടു തന്നെ നമുക്ക് അപേക്ഷിക്കാം. രക്ഷാ നിർണ്ണയം പ്രാപിച്ചവരായി നമ്മുടെ തലമുറകളെയും നമ്മോടു ചേർന്നു നിൽക്കുന്ന സകലരെയും ഏല്പിക്കാം. ഒരു വിഷയത്തിന്റെ വിടുതലിനായി നാം പ്രാർത്ഥിക്കുമ്പോൾ, അത് സമ്പൂർണ്ണമായ ഒരു വിടുതലായി തീരാൻ ഇടയാകട്ടെ എന്ന് ആഗ്രഹിച്ചു കൊണ്ട് ദൈവകരങ്ങളിൽ കൊടുക്കാം. 'ഉറച്ച നിലവിളിയും കണ്ണുനീരും' അതെ, നമ്മുടെ ഹൃദയ ത്തിന്റെ ആഴമായ സമർപ്പണം കർത്താവു മാനിക്കും. കർത്താവിന്റെ യാചനപോലെ ഭയഭക്തിയോടെ ഉത്തരം ലഭിക്കത്തക്കപോലെ പ്രാർത്ഥിക്കാൻ അവന്റെ കൃപയ്ക്കായി യാചിക്കാം.

പരാമർശം :

1 പത്രോസ് 3:12

'കർത്താവിന്റെ കണ്ണു നീതിമാന്മാരുടെ മേലും അവന്റെ ചെവി അവരുടെ പ്രാർത്ഥനെക്കും തുറന്നിരിക്കുന്നു; എന്നാൽ കർത്താവിന്റെ മുഖം ദുഷ്പ്രവൃത്തിക്കാർക്കും പ്രതികൂലമാ യിരിക്കുന്നു.'

സങ്കീർത്തനങ്ങൾ 34:6

'ഈ എളിയവൻ നിലവിളിച്ചു; യഹോവ കേട്ടു; അവന്റെ സകല കഷ്ടങ്ങളിൽനിന്നും അവനെ രക്ഷിച്ചു.'

സിസ്റ്റർ ബിന്ദു റെജി അയ്മനം 079